## 379

1 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ ജീവന്റെ കിരീടം എനിക്കു തരുന്നു
തൻമുഖത്തിൻ പ്രകാശം ഹാ! എത്ര മധുരം!
ഹാ! നല്ലോരവകാശം എന്റേതു നിശ്ചയം!

2 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എനിക്കു വിപരീതം ആയ കൈയെഴുത്ത്
തൻക്രൂശിൻ തിരുരക്തം മായിച്ചുകളഞ്ഞു
ശത്രുത തീർത്തു സ്വർഗ്ഗം എനിക്കു തുറന്നു-

3 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എൻഹൃദയത്തിൻ ഖേദം ഒക്കെ താൻ തീർക്കുന്നു
എൻവഴിയിൽ പ്രയാസം ഞെരുക്കം സങ്കടം
വരുമ്പോൾ നല്ലാശ്വാസം യേശുവിൻ മാർവ്വിടം-

4 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ നിത്യസ്നേഹംകൊ   ു എന്നെ സ്നേഹിക്കുന്നു
താൻ തുടങ്ങിയ വേല എന്നിൽ നിവർത്തിക്കും
തൻ കൃഷ്ണമണിപോലെ എന്നെ കാത്തുകൊള്ളും-

5 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
തൻവരവു സമീപം നേരം പുലരുന്നു
ദിവ്യമഹത്ത്വത്തോടു താൻ വെളിപ്പെട്ടിടും
ഈ ഞാനുമവനോടു കൂടെ പ്രകാശിക്കും-

**V.N.**